**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1615** **11-10-2024 - ൽ മറുപടിയ്ക്ക്**

**രാസവളങ്ങളുടെ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെൽക്കർഷകർക്ക് തൃശ്ശൂർ ജില്ലയിൽ ആവശ്യമായ രാസവളങ്ങൾ വിവിധ ഏജൻസികളിൽ നിന്നും യഥാസമയം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൃഷി ഭവനുകളോ സഹകരണ സംഘങ്ങളോ വഴി വളം, കീടനാശിനി എന്നിവ ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (എ) | ലൈസൻസ് ഉള്ള സഹകരണസംഘങ്ങൾ അടക്കമുള്ള ഏജൻസികൾ മുഖേന വളം കീടനാശിനി വിതരണം നടത്തി വരുന്നു. വിള പരിപാലന കേന്ദ്രം പ്രവർത്തിക്കുന്ന കൃഷിഭവനുകളിൽ ക്രോപ് ഫാർമസി മുഖേനയും കീടനാശിനി വിതരണം നടത്തി വരുന്നുണ്ട്. തൃശ്ശൂർ ജില്ലയിൽ ആകെയുള്ള 288 വളം ഡിപ്പോകൾ, 152 കീടനാശിനി ഡിപ്പോകൾ എന്നിവ നെൽ കർഷകർക്ക് വളം കീടനാശിനി വിതരണം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ